# *പ്രളയ ഭീതികളെ മറന്ന് സധൈര്യം മുന്നേറാനായി കുട്ടികൾക്ക് കുടുംബശ്രീയുടെ ബാലസഭ ക്യാമ്പകൾ; പ്രളയത്തെ അതിജീവിച്ചതിന്റെ ഓർമ്മയ്ക്കായി നന്മ മരം*

പ്രളയ ഭീതികളെ മറന്ന് സധൈര്യം മുന്നേറാനായി കുട്ടികൾക്ക് കുടുംബശ്രീയുടെ ബാലസഭ ക്യാമ്പുകൾ ജില്ലയിലുടനീളം സംഘടിപ്പിച്ചു. പ്രളയം വിതച്ച ഭീതിയിൽ നിന്ന് പൂർണ്ണമായും മുക്തരായി ജീവിതത്തിൽ സധൈര്യം മുന്നേറാൻ കുട്ടികളെ പ്രാപ്തമാക്കുന്ന പ്രത്യേക പരിപാടിക്ക് 'ട്രീ ഓഫ് സർവൈവൽ' എന്നാണ് പേരിട്ടിരിക്കുന്നത്. മഴക്കെടുതി കൂടുതലായും നാശം വിതച്ച ജില്ലയിലെ 8 പഞ്ചായത്തുകളിലാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ 'ട്രീ ഓഫ് സർവൈവൽ' പരിപാടി സംഘടിപ്പിച്ചത്. വിവിധ തരം പാട്ടുകളും കളികളുമായി ജീവിതത്തിന്റെ പ്രതീക്ഷകളെ അടയാളപ്പെടുത്താൻ എഴുന്നൂറോളം കുട്ടികളാണ് ഒത്തു ചേർന്നത്. തങ്ങൾ പ്രളയത്തെ അതിജീവിച്ചതിന്റെ ഓർമ്മയ്ക്കായി 'നന്മ മരം' എന്ന പേരിൽ അതിജീവനത്തിന്റെ മരം നടുകയും ചെയ്തു കുട്ടികൾ. പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് ശ്രീ.സി.കെ ശശീന്ദ്രൻ എം എൽ എ ആണ്.

പ്രളയത്തെക്കുറിച്ചും ജില്ലയുടെ കാലാവസ്ഥയെ സംബന്ധിച്ചുള്ള വിശദമായ ചർച്ചകളും ക്ലാസുകളും ഇതിനോടനുബന്ധിച്ചു നടന്നു. കുടുംബശ്രീ ടീമിന്റെ നേതൃത്വത്തിൽ പ്രത്യേകം കൗൺസിലിംഗും കുട്ടികൾക്ക് നൽകി. നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള ആശയങ്ങളും കുട്ടികൾ പരിപാടിയിൽ അവതരിപ്പിച്ചു.അടുത്ത ഘട്ടമായി പ്രളയക്കെടുതിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി ബാലസഭ കുട്ടികളുടെ നേതൃത്വത്തിൽ വിവരങ്ങൾ ശേഖരിച്ച് ചരിത്ര രേഖയായി സൂക്ഷിക്കും.




TREE OF SURVIVAL
ബാലസഭ
ഏകദിന ക്യാമ്പ്